# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.399** **08.08..2017-ൽ മറുപടിയ്ക്ക്**

## നികുതി കുടിശ്ശിക

| | ചോദ്യം<br>ശ്രീ.യു. ആർ. പ്രദീപ് | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്ത് പിരിഞ്ഞുകിട്ടാനുള്ള നികുതി കുടിശ്ശിക നിലവിൽ എത്ര കോടിയാണ്; | (എ) | രജിസ്ട്രേഷൻ വകുപ്പിൽ 2016-17 സാമ്പത്തിക വർഷം ജൂൺ വരെയുള്ള കാലയളവിൽ ഏകദേശം 28.02 കോടി രൂപ പിരിച്ചെടുക്കാനുണ്ട്.<br><br>മോട്ടോർ വാഹന വകുപ്പിൽ 31.03.2017-ലെ ഡി.സി.ബി സ്റ്റേറ്റ്മെന്റ് പ്രകാരം നികുതി കുടിശ്ശിക 1765,58,27,495 രൂപയാണ്. ആയതിൽ 1433,06,28,792 രൂപ കെ.എസ്.ആർ.ടി.സി യുടെ നികുതി കുടിശ്ശികയാണ്. വകുപ്പിന്റെ മാത്രമായ നികുതി കുടിശ്ശിക 332,51,98,703 രൂപയാണ്.<br><br>എക്സൈസ് വകുപ്പിൽ സംസ്ഥാനത്ത് . നികുതി ഇനത്തിൽ കുടിശ്ശിക നിലവിലില്ല. എന്നാൽ അബ്കാരി കുടിശ്ശിക ഇനത്തിൽ 30.06.2017 വരെ മുതൽ ഇനത്തിൽ 70,05,02,992/- രൂപയും പലിശയിനത്തിൽ 171,15,08,824/- രൂപയുമടക്കം ആകെ 241,20,11,816/- രൂപ ലഭിക്കുവാനുണ്ട്.<br><br>ലാന്റ് റവന്യൂ വകുപ്പിൽ ലാന്റ് റവന്യൂ ഇനത്തിൽ 313.03 കോടി രൂപയും റവന്യൂ റിക്കവറി ഇനത്തിൽ 2793.12 കോടി രൂപയും കുടിശ്ശികയുണ്ട്.<br><br>സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിൽ 01.04.2017-ലെ കണക്കനുസരിച്ച് പിരിഞ്ഞു കിട്ടാനുള്ള നികുതി കുടിശ്ശിക 7582.38 കോടി രൂപയാണ്. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത തുക പിരിച്ചെടുക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കുമോ? | (ബി) | രജിസ്ട്രേഷൻ വകുപ്പിൽ കുടിശ്ശിക തീർപ്പാക്കുന്നതിനായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിൽ വരുത്തി. ഈ പദ്ധതിയിലൂടെ 11.20 കോടി രൂപ പിരിച്ചെടുക്കുവാൻ കഴിഞ്ഞിട്ടുണ്ട്. പ്രസ്തുത പദ്ധതി 31.03.2017-ൽ അവസാനിച്ച സാഹചര്യത്തിൽ അണ്ടർ വാല്യുവേഷൻ കുടിശ്ശിക പിരിച്ചെടുക്കുന്നതിന് അദാലത്തുകൾ സംഘടിപ്പിക്കുവാൻ ജില്ലാ രജിസ്ട്രാർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നിട്ടും തുക അടയ്ക്കാത്ത കേസ്സുകളിൽ റവന്യൂ റിക്കവറി നടപടികൾ ആരംഭിക്കുവാനും തീരുമാനിച്ചിട്ടുണ്ട്.<br><br>മോട്ടോർ വാഹന വകുപ്പിൽ എല്ലാ ഓഫീസുകളിലും നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള തീവ്രയത്ന പരിപാടികളാണ് ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നത്. ബുധനാഴ്ചകൾ, ടാക്സേഷൻ വർക്കുകൾക്ക് മാത്രമായി മാറ്റിവച്ചിട്ടുണ്ട്. നികുതി അടയ്ക്കുന്നതിൽ വീഴ്ച വരുത്തുന്ന വാഹനങ്ങൾക്കെതിരെ റവന്യൂ റിക്കവറി അടക്കമുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. നികുതി അടയ്ക്കാത്ത വാഹനങ്ങൾ പിടിച്ചെടുക്കുന്നതിനായി എൻഫോഴ്സ്മെന്റ് പ്രവർത്തനം ഊർജ്ജിതമാക്കിയിട്ടുണ്ട്. ഇത്തരത്തിൽ പിടിച്ചെടുത്ത വാഹനങ്ങൾ, ലേലം നടത്തിയും സർക്കാരിന് കിട്ടേണ്ട നികുതി കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ വകുപ്പിന്റെ ഓഫീസുകളിൽ പുരോഗമിച്ച് വരുന്നു. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി വഴിയും, വർഷങ്ങളായി കുടിശ്ശികയുള്ള വാഹനങ്ങളുടെ നികുതി പിരിച്ചെടുക്കുന്നതിനുള്ള പ്രവർത്തനങ്ങളും വകുപ്പിന്റെ ഓഫീസുകളിൽ നടന്നു വരുന്നു.<br><br>എക്സൈസ് വകുപ്പിൽ കുടിശ്ശികകാരുടെ പേരിൽ റവന്യൂ റക്കവറി നടപടിക്ക് ശുപാർശ ചെയ്യുകയും അതിൻ പ്രകാരം കുടിശ്ശികക്കാരുടെ പേരിൽ സ്ഥാവര ജംഗമ വസ്തുക്കൾ ഉണ്ടെങ്കിൽ അത് കണ്ടുകെട്ടി പരസ്യമായി ലേലം ചെയ്ത് കുടിശ്ശികയിൽ വരവ് വയ്ക്കുകയും ലേലത്തിൽ വിൽപ്പന നടത്താൻ കഴിയാത്ത വസ്തുക്കൾ ബോട്ട്- |

| | | | |
|---|---|---|---|
| | | | ഇൻ-ലാന്റ് വ്യവസ്ഥയിൽ സർക്കാർ അധീനതയിൽ ഏറ്റെടുക്കുകയും ചെയ്യുന്നു. കൂടാതെ ആംനസ്റ്റി പദ്ധതി പ്രകാരം ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെ കുടിശ്ശികക്കാരെ വിവിധ വിഭാഗമായി വർഷം തിരിച്ച്, അതിനനുസരിച്ച് പലിശയിലും മുതലിലും കിഴിവ് നൽകി അടപ്പിച്ച് തീർപ്പാക്കിയും വന്നിരുന്നു. എന്നാൽ ടി പദ്ധതി ഇപ്പോൾ നിലവിലില്ല.<br><br>ലാന്റ് റവന്യൂ വകുപ്പിൽ റവന്യൂ വരുമാനം വർദ്ധിപ്പിക്കുന്നതിന് കോടതി സ്റ്റേകൾ റദ്ദ് ചെയ്യുന്നതിനായി ജില്ല തിരിച്ചുള്ള സ്റ്റേ കേസ്സുകളുടെ ലിസ്റ്റ് തയ്യാറാക്കി ലോ ഓഫീസർമാരെയും, ഡെപ്യൂട്ടി കളക്ടർമാരെയും ചുമതലപ്പെടുത്തി ഗവൺമെന്റ് പ്ലീഡർമാരുമായി കൂടിയാലോചിച്ച് സ്റ്റേ വെക്കേറ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും, സ്റ്റേ വെക്കേഷൻ പുരോഗതി പ്രതിമാസം അറിയിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഹൈക്കോടതിയിൽ പെൻഡിംഗിലുള്ള കേസ്സുകൾ തീർപ്പുകൽപ്പിക്കുന്നതിനായി സ്റ്റേ കേസ്സുകളുടെ ലിസ്റ്റ് തയ്യാറാക്കി അഡ്വക്കേറ്റ് ജനറലുമായി 28.07.2017 ന് യോഗം ചേരുകയും ചെയ്തിട്ടുണ്ട്.<br><br>സംസ്ഥാന ചരക്കുസേവന നികുതി വകുപ്പിൽ VAT നികുതി സംബന്ധമായ അസസ്സ്മെന്റുകളും റീ അസസ്സ്മെന്റുകളും പൂർത്തീകരിക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. KGST, VAT, AIT, Luxury Tax എന്നീ ഇനങ്ങളിലുള്ള നികുതി കുടിശ്ശികകൾ പരമാവധി പിരിച്ചെടുക്കുന്നതിനായി പലിശ, പിഴ, പിഴപലിശ എന്നിവയിൽ ഇളവ് നൽകിക്കൊണ്ടുള്ള ആംനസ്റ്റി പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. ഇതനുസരിച്ച് കാർഷികാദായ നികുതി, ആഢംബര നികുതി എന്നീ ഇനങ്ങളിലുള്ള, 2010-11 വരെയുള്ള നികുതി കുടിശ്ശിക പൂർണ്ണമായും അടച്ചാൽ കുടിശ്ശികയുടെ പലിശയും പിഴതുകയും 70% ഉം ഇളവ് ചെയ്യുന്നതാണ്.<br><br>ആംനസ്റ്റി പദ്ധതി കൂടാതെ, മുൻ സർക്കാരിന്റെ |

| | | | |
|---|---|---|---|
| | | | കാലത്തു നൽകിയിരുന്ന എല്ലാ സർക്കാർ സ്റ്റേകളും റദ്ദാക്കുകയും നികതി അപ്പലേറ്റ് അധികാരിയുടെ മുമ്പാകെ ഫയൽ ചെയ്യപ്പെട്ട അപ്പീലുകൾ എത്രയും വേഗം തീർപ്പാക്കുന്നതിനായി അത്തരം അപ്പലേറ്റ് അധികാരികളുടെ എണ്ണം വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ.**